**This question paper consists of 30 questions and 7 printed pages.**

**Roll No.** | | | | | | | | | | | | **Code No. 58/S/A/MM**

**റോൾ നമ്പർ** **കോഡ് നമ്പർ**

**Set - A**

# MALAYALAM

**മലയാളം**

**(232)**

**Day and Date of Examination**

**(പരീക്ഷാ ദിവസവും തീയതിയും)** ____________________

**Signature of Invigilators** **1.** ____________________

**(മേൽനൊട്ടക്കാരുടെ ഒപ്പ്)**

**2.** ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

**1** പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

**2** ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

**3** ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.

**4** ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

**5** ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

**6** ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **58/S/A/MM-A** എഴുതേണ്ടതാണ്.

# MALAYALAM

## മലയാളം

## (232)

സമയം : **3** മണിക്കൂർ | മാർക്ക് : **100**

---

**നിർദ്ദേശങ്ങൾ :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(2) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

---

**1** നെല്ലു പുഴുങ്ങീലാ, തെല്ലുമുണങ്ങീലാ-ഇവിടെ പ്രകടമാകുന്ന ഭാവം എന്ത് ? **11×1=11**

(A) നിരാശ (B) ഉത്കണ്ഠ

(C) ദു:ഖം (D) പരിഭവം

**2** ''ചാരുത്വമാണ്ടുള്ള ദാരുക്കളോടും തൻ ചാരത്തുചേർന്നൊരു വല്ലിയോടും.'' ഇവിടെ 'ദാരുക്കൾ' എന്നതിന്റെ അർത്ഥം എന്ത് ?

(A) പക്ഷികൾ (B) വൃക്ഷങ്ങൾ

(C) വള്ളികൾ (D) കുയിലുകൾ

**3** പണത്തെക്കാൾ കുടുംബജീവിതത്തെ കെടുത്തുന്നത് ഏത് ?

(A) കോപം (B) പരാതി

(C) രോഗം (D) ധൂർത്ത്

4 നിവേദനങ്ങൾ, പരാതികൾ എന്നിവ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു ?

(A) അനൗപചാരിക കത്ത് (B) ഒപചാരിക കത്ത്

(C) ക്ഷണക്കത്ത് (D) ഔദ്യോഗിക കത്ത്

5 'പൂവാട' എന്നത് പിരിച്ചെഴുതുതേണ്ടത് എങ്ങനെ ?

(A) പൂ + വാട (B) പൂ + അട

(C) പൂ + ആട (D) പൂവ് + ആട

6 പുരാവസ്തുക്കളെക്കുറിച്ചു പഠിക്കുന്ന ശാസ്ത്രശാഖ ഏത് ?

(A) ആർക്കിയോളജി (B) ജിയോളജി

(C) ബയോളജി (D) പാത്തോളജി

7 ''ബാലിയിലെ മഴയും ബാലിപ്പെണ്ണിന്റെ മനസ്സും ഒരുപോലെയാണ്.'' ഈ വാക്യത്തിന്റെ ആശയമെന്ത് ?

(A) രണ്ടും അലിവുള്ളതാണ്

(B) രണ്ടും കഠിനമാണ്

(C) രണ്ടും ക്ഷണികമാണ്

(D) രണ്ടും ആനന്ദദായകമാണ്

8 ''തൻമക്കൾ തങ്ങളിൽ കൊന്നുകളിച്ചതിൽ തൻമനം നീറിപ്പുകഞ്ഞു കത്തുന്നവൾ'' എന്ന വിശേഷണം ആർക്കാണ് ചേരുക ?

(A) അമ്മ (B) പത്നി

(C) ശക്തി (D) ഭൂമി

9 'മനസ്വിനി' എന്ന കവിതയിൽ വികാരത്തിന്റെ ശക്തി വാച്യമായി പറഞ്ഞിട്ടുള്ള പ്രയോഗം ഏത് ?

(A) ചോരതുളുമ്പിയ (B) തുടുതുടെ

(C) ചൊകചൊക (D) തുഷ്ടിതുടിക്കും

10 'മഞ്ജുതര' പാടി മേളക്കാരുടെ വൈദഗ്ധ്യം പ്രകടിപ്പിക്കുന്ന ചടങ്ങ് ഏത് ?

(A) കേളി (B) കേളിക്കൈ

(C) മേളപ്പദം (D) തോടയം

11 മൈഥിലി മയിൽപ്പേടയെപ്പോലെ സന്തോഷിച്ചത് എപ്പോൾ ?

(A) ഇടിവെട്ടിയ ഒച്ച കേട്ടപ്പോൾ

(B) ശ്രീരാമനെ കണ്ടപ്പോൾ

(C) മയിലുകളെ കണ്ടപ്പോൾ

(D) വില്ലു മുറിഞ്ഞ ഒച്ച കേട്ടപ്പോൾ

12 അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. 2+2=4

(i) കോപ്പു കൂട്ടുക

(ii) അവലംബം

13 കുട്ടികളുടെയും മുതിർന്നവരുടെയും സ്വഭാവത്തിൽ സഞ്ജയൻ കാണുന്ന പ്രധാന വ്യത്യാസമെന്ത് ? 2

14 പുസ്തകവായനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ? 2

15 പെണ്ണ്, പൊന്ന് എന്നിവയെക്കുറിച്ച് കവി നൽകുന്ന സൂചന എന്ത് ? 2

16 ''ഇനി ആരാണ് കുട്ടികളെ കുളിപ്പുക്കുക'' കഥയിൽ ഈ വിലാപം നൽകുന്ന സൂചനയെന്ത് ? 3

17 ഇന്ത്യയുടെ നാനാത്വം പ്രകടമാകുന്നത് ഏതെല്ലാം ഘടകങ്ങളിലാണ് ? 3

18 ഡയറിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതെങ്ങനെ ? 3

19 പട്ടികയും ചാർട്ടും തമ്മിലുള്ള വ്യത്യാസം എന്ത് ? 3

20 മലയാള ഭാഷ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചുട്ടുണ്ട് ? 3

21 കവി മരത്തെ വിഷ്ണുവായി കാണുന്നതെന്തുകൊണ്ട് ? 4

22 'രാവണൻ പിടിച്ച പുലിവാല്' എന്ന പാഠഭാഗത്തിലെ ഫലിത പരിഹാസ പ്രയോഗങ്ങൾ എടുത്തെഴുതുക. 4

23 അപകടത്തെ ആശ്ലേഷിക്കുന്നതായി ജാനമ്മയ്ക്ക് തോന്നിയിരുന്നത് എപ്പോഴെല്ലാം ? 4

24 'കച്ചട്ടി സ്വാമിമാരുടെ കഥ' എന്ന പാഠഭാഗത്തിലൂടെ ലേഖകൻ നടത്തുന്ന പരോക്ഷ വിമർശനവും പരിഹാസവും വിശദമാക്കുക. 5

25 ''കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞി പോലൊരു മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി'' - ഈ വരികളിലെ അലങ്കാരഭംഗി വിശദീകരിക്കുക. 5

26 നിസ്സാരങ്ങളും നിശിതങ്ങളുമായ നീരൂപണങ്ങൾക്കിടം കൊടുത്തിരിക്കുന്ന സംഭവങ്ങൾ 'കണ്ണീരും കിനാവും' എന്ന പാഠഭാഗത്തുനിന്നും വിശദമാക്കുക. 5

27 ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 5

'ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനംതന്നെ പാരിൽ'

28 താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗത്തിന് പരാവർത്തനം തയാറാക്കുക. 10

പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ,
പലവിധയുക്തി പറഞ്ഞു പാമരന്മാ-
ലവതു കണ്ടലയാതമർത്തിടേണം.'

29 താഴെക്കോടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലോന്നായി സംഗ്രഹിക്കുക : 10

ഐതിഹ്യങ്ങൾക്ക് മനുഷ്യസമൂദായത്തോളംതന്നെ പഴക്കുമുണ്ട്. വരമൊഴി നടപ്പിലാകുന്നതിനുമുമ്പേ മനുഷ്യവർഗങ്ങളുടെ ഇടയിൽ അവരുടെ ദേശചരിത്രത്തെയും ജീവിതസമ്പ്രദായങ്ങളെയും സംബന്ധിച്ച് പല കഥകളും പ്രചരിച്ചിരുന്നു. ഓരോ തലമുറവഴിക്കു പറഞ്ഞുകേട്ട് ജനമധ്യത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഇത്തരം കഥകളാണ് ഒടുവിൽ ഐതിഹ്യങ്ങളായി പരിണമിച്ചത്. പുർവികരുടെ ജീവിതരീതിയും ആദർശങ്ങളും അപദാനങ്ങളും

അവർക്കുണ്ടായിട്ടുള്ള ജയാപജയങ്ങളും അന്നത്തെ ദേശകാലസ്ഥിതികളും മറ്റു അവയിൽ പ്രതിഫലിച്ചിട്ടുണ്ടാകും. ഐതിഹ്യങ്ങൾ പരിശോധിക്കുമ്പോൾ അവയിൽ വാസ്തവം, കല്പിതം എന്ന രണ്ടംശങ്ങൾ ഉള്ളതായിക്കാണാം. ഇവയിൽ വാസ്തവികാംശം ഏറെക്കുറഞ്ഞും കല്പിതാംശം വളരെക്കൂടിയുമാണ് സാധാരണ കണ്ടുവരുന്നത്. എല്ലാത്തരം ഐതിഹ്യങ്ങളിലും ചരിത്രത്തിന്റെ ശകലം ഒളിഞ്ഞുകിടക്കുന്നുണ്ടാകുമെങ്കിലും അവയിൽ തൊണ്ണൂറു ശതമാനവും വക്താക്കളുടെ പരമ്പരാഗതമായ മനോധർമം വികസിച്ചു പെരുകിയതാണെന്നുള്ളതിനു സംശയമില്ല. ശ്രോതാക്കളുടെ രസത്തിനുവേണ്ടി കൂട്ടിച്ചേർത്തതാണ് ഈ കല്പിതാംശം. മനുഷ്യർ പ്രകൃത്യാതന്നെ അതിശയോക്തി പ്രിയരാണല്ലോ. വാസ്തവത്തിൽ നടന്ന ഒരു സംഭവത്തെപ്പറ്റി ഒരാൾ മറ്റോരാളോട് പറയുമ്പോൾ അയാൾ അറിയാതെതന്നെ അതിൽ അതിശയോക്തി കടന്നുകൂടുന്നു. ഈ സ്വഭാവവിശേഷം തലമുറയായി തുടർന്ന് പ്രവർത്തിച്ചതിന്റെ ഫലമായിട്ടായിരിക്കും ഇപ്പോഴത്തെ ഐത്യഹ്യങ്ങളിൽ ഇത്രയുമധികം കൽപിതാംശം ഉണ്ടായിത്തിർന്നത്. കെട്ടുകഥകളെന്നോ അത്ഭുത കഥകളെന്നോ പറയാവുന്ന ഈ വക ഐതിഹ്യങ്ങൾക്ക് ചരിത്രത്തിന്റെ വില കൽപിക്കുന്നത് അയുക്തമെന്നു മാത്രമല്ല ആപത്കരവുമാണ്. സത്യാവസ്ഥ കാണാതിരിക്കുന്നതിനു പുറമെ അസത്യത്തിൽ വിശ്വസിക്കുന്നതിനും അതു പ്രേരകമാകും.

**30** താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഉപന്യസിക്കുക. **12**

(i) അന്തരീക്ഷ മലിനീകരണവും കാലാവസ്ഥ വ്യതിയാനവും

(ii) വിദ്യാഭ്യാസവും മാതൃഭാഷയും

(iii) ആരോഗ്യവും ജൈവകൃഷിയും

---